27

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനെട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2001-2003)-യുടെ നാലാമത് റിപ്പോർട്ടിലെ (പമ്പാ നദിയുടെ കൈവഴിയായ വരട്ടാർ നദിയുടെ അന്തർദ്ധാനവും തൻമൂലമുളവായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## പതിനെട്ടാമത് റിപ്പോർട്ട്

(2015 ഡിസംബർ 2-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2001-2003)-യുടെ നാലാമത് റിപ്പോർട്ടിലെ (പമ്പാ നദിയുടെ കൈവഴിയായ വരട്ടാർ നദിയുടെ അന്തർദ്ധാനവും തൻമൂലമുളവായിട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

69/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 1 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. മാത്യൂക്കുട്ടി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം പതിനെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 നവംബർ മാസം 25-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 നവംബർ 25.

# റിപ്പോർട്ട്

## അദ്ധ്യായം I

പമ്പാനദിയുടെ പ്രധാന കൈവഴിയായിരുന്ന വരട്ടാർ നദി അതിന്റെ തീരത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പിന്റെ പ്രത്യേകതമൂലവും അനധികൃത മണലെടുപ്പുമൂലവും ക്രമേണ നീരൊഴുക്ക് കുറഞ്ഞ് നദിയല്ലാതായി മാറുകയുണ്ടായി. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി സംഭവിച്ച ഒരു നദിയുടെ അന്തർദ്ധാനത്തിനെയും തൻമൂലമുളവായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെയും സംബന്ധിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിക്ക് നിരവധി നിവേദനങ്ങൾ ലഭിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് [സമിതിയുടെ (2001-2003) നാലാമത് റിപ്പോർട്ട്] 2003 ജൂൺ 26-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിപ്പോർട്ടിൽ വരട്ടാർ നദിയുടെ പുനരുദ്ധാരണത്തിനുതകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 15 ശിപാർശകളാണ് ഉണ്ടായിരുന്നത്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനായി റവന്യൂ, തദ്ദേശസ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത് എന്നീ വകുപ്പുകളിലേക്ക് അയച്ചുകൊടുക്കുകയുണ്ടായി. മേൽ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ശിപാർശകൾ, അതിൻമേൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം

### ശിപാർശ 1

വരട്ടാർ നദിയുടെ പുറമ്പോക്കും നദിയുടെ ഭാഗങ്ങളും അനധികൃതമായി കയ്യേറിയിരിക്കുന്നത് അടിയന്തരമായി ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 59689/എ 1/2003/റവന്യൂ തീയതി 6-12-2005)

അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നല്കിയിട്ടുണ്ട്. ഈ വിഷയത്തിൽ ഇനിയും വേണ്ടത്ര ജാഗ്രത പുലർത്തുന്നതാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 2

നദീതീരങ്ങൾ കയ്യേറിയവർക്ക് അത് പതിച്ചു നല്കിയിട്ടുണ്ടോയെന്ന് അടിയന്തരമായി അന്വേഷിക്കണമെന്നും പതിച്ചു നല്കിയിട്ടുണ്ടെങ്കിൽ അത് എത്രയുംവേഗം റദ്ദാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (എ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 59689/എ 1/2003/റവന്യൂ തീയതി 6-12-2006)

നിലവിലുള്ള നിയമമനുസരിച്ച് നദീതീരം പതിച്ചു കൊടുക്കുന്നതിന് വ്യവസ്ഥയില്ല. ആകയാൽ വരട്ടാറിന്റെയോ മറ്റു നദിയുടെയോ തീരങ്ങൾ കയ്യേറിയവർക്ക് പതിച്ചു നല്കിയിട്ടില്ല.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3

പരിസ്ഥിതി വകുപ്പിന്റെയും ജലസേചന വകുപ്പിന്റെയും ശിപാർശയുടെ അടിസ്ഥാനത്തിൽ നദിയിൽനിന്നും നീക്കം ചെയ്യാവുന്ന മണ്ണിന്റെയും മണലിന്റെയും വ്യാപ്തി കണക്കാക്കി നദിയിൽനിന്നും നീക്കം ചെയ്യാവുന്ന മണ്ണ് ലേലത്തിൽ വില്പന നടത്തി അതു മുഖേന ലഭിക്കുന്ന വരുമാനം നദിയുടെ പുനരുദ്ധാരണത്തിന് വിനിയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 34223/ഡിഎ 3/08/തസ്വഭവ. തീയതി 28-5-2008)

വരട്ടാർ നദിയുടെ ഉദ്ഭവസ്ഥാനത്ത് ഒരു തടയണ സ്ഥാപിച്ചാൽ വെള്ളത്തിന്റെ ഒഴുക്ക് ഒരു പരിധിവരെ പുനഃസ്ഥാപിക്കുവാൻ കഴിയുന്നതും അതുപ്രകാരം നീരൊഴുക്ക് വർദ്ധിക്കുകയാണെങ്കിൽ നിലവിലുള്ള ചപ്പാത്ത് പൊളിച്ചുമാറ്റി പാലം സ്ഥാപിക്കേണ്ടതുമാണ്. കോയിപ്രം ഗ്രാമപഞ്ചായത്തിലെ കാരയ്ക്കൽ കടവ് മുതൽ പുവന്നാപ്പുഴ തോടുവരെയുള്ള ഭാഗത്തിന്റെ ഇരുവശവും 25 മീറ്റർ വീതിയിൽ സൈഡ് കെട്ടിയാൽ നദി സംരക്ഷണത്തിന് ഗുണപ്രദമാകുന്നതാണ്. മണൽഖനനം നടത്തി നീരൊഴുക്ക് പുനഃസ്ഥാപിക്കാൻ ശ്രമിക്കുന്നത് വൻതോതിലുള്ള പരിസ്ഥിതി പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്നതും, പരിസരപ്രദേശങ്ങളിലെ കിണറുകൾ വറ്റിവരളുക തുടങ്ങി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ ഇടയുള്ളതുമാണ്. നീരൊഴുക്കിന് തടസ്സമായി നിലകൊള്ളുന്ന മണൽ തിട്ടകളും സസ്യജാലങ്ങളും മാത്രം മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാനും, സ്വകാര്യ വ്യക്തികൾ കയ്യേറിയ നദിയുടെ ഭാഗം തിരിച്ചെടുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതമൂലം ഏതെങ്കിലും ഒരു പഞ്ചായത്തിന് ഈ പുനരുദ്ധാരണ പണികൾ സ്വയം ചെയ്യുവാൻ സാധിക്കാതെവന്നാൽ വിവിധ വകുപ്പുകളുടേയും പൊതുജനങ്ങളുടേയും പങ്കാളിത്തത്തോടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

## റവന്യൂ (എ) വകുപ്പ്

(ഗവൺമെന്റ് കത്ത് നമ്പർ 454/പി3/2014/റവന്യൂ തീയതി 5-1-2015)

അതത് ജില്ലകളിൽ മണൽ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് നിക്ഷേപിക്കുയും പ്രസ്തുത തുകയിൽ നിന്നും നദികളുടെ പുനരുദ്ധാരണ സംരക്ഷണ പ്രവൃത്തികൾക്കായി ചെലവാക്കിവരുകയുമാണ്.

(11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 4

നദിയുടെ ആഴം വർദ്ധിപ്പിക്കുന്നതോടൊപ്പം നദീതീരം സംരക്ഷിക്കുന്നതിനുള്ള പദ്ധതിയും അവിഷ്കരിക്കേണ്ടതാണ്. ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നത് ഉചിതമായിരിക്കുമെന്നും ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജലസേചന വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 22275/ഐആർ3/07/ജവിവ. തീയതി 30-9-2005)

വരട്ടാർ നദിയെ സംബന്ധിച്ച് ജലസേചന വകുപ്പ് തയ്യാറാക്കി സമിതിക്ക് നല്കിയിട്ടുള്ള പഠന റിപ്പോർട്ടിൽ ഈ ശിപാർശയിൽ ആവശ്യപ്പെട്ട പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. സമ്പൂർണ്ണമായി ഇൻവെസ്റ്റിഗേഷൻ നടത്തി മാത്രമേ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 5

വരട്ടാർ നദി പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിനും മറ്റുമായി സ്വതന്ത്രാധികാരമുള്ള വരട്ടാർ അതോറിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 12817/ഐആർ3/06/ജവിവ. തീയതി 23-8-2006)

കേരളത്തിലെ നദികളുടെ സംരക്ഷണ പരിപാടികൾ ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ആയതിനാൽ വരട്ടാർ നദിക്കു മാത്രമായി ഒരു റിവർ അതോറിറ്റി രൂപീകരിക്കുന്നത് പ്രായോഗികമായി തോന്നുന്നില്ല.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**തദ്ദേശസ്വയംഭരണ വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 34223/ഡിഎ 3/08/തസ്വഭവ. തീയതി 25-8-2008)

സമിതിയുടെ ഈ ശിപാർശയിന്മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ജലവിഭവ വകുപ്പിൽ നിന്നുമാണ്.

ശിപാർശ 6

വരട്ടാർ നദീതീരങ്ങളിൽ അനധികൃതമായി നടന്നുകൊണ്ടിരിക്കുന്ന മണലൂറ്റ് എത്രയുംവേഗം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 454/പി3/14/റവ. തീയതി 5-1-2015)

വരട്ടാർ നദീതീരങ്ങളിൽ അനധികൃതമായി മണൽഖനനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 7

ഇടനാട്ടും കോയിപ്രവുമായി ബന്ധിപ്പിക്കുന്നതിന് നിലവിലുള്ള ക്രോസ്വേയ്ക്ക് പകരം സാമ്പത്തിക പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് ഒരു പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (ഡി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 23324/ഡി1/12/പൊ.മ.വ. തീയതി 3-7-2014)

തിരുവല്ല കുമ്പഴ റോഡിൽ കുമ്പനാട് ജംഗ്ഷനിൽ നിന്ന് ചെങ്ങന്നൂർ റൂട്ടിൽ 4 കി.മീ. ചെറുവള്ളിപ്പടിയിൽ വരട്ടാറിനുകുറുകെ നിലവിലുള്ള ചപ്പാത്ത് മാറ്റി ചുണ്ടൻ വള്ളം കടന്നു പോകുന്നതിനും കൂടി 3x16.32 m. നീളവും 8.45 m. വീതിയും ഉള്ള ഒരു പാലം പണിയുന്നതിന് ഏകദേശം 4 കോടി രൂപ വേണ്ടിവരുമെന്ന് പൊതുമരാമത്ത് വകുപ്പ് പത്തനംതിട്ട, നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ ഇവിടെനിന്നും 4 കി.മീ. താഴെ പുതുക്കുളങ്ങര ക്ഷേത്രത്തിനു സമീപം മാമ്മൂട്-കല്ലിശ്ശേരി റോഡിൽ മംഗലം ഭാഗത്ത് നിലവിലുള്ള ചപ്പാത്ത് മാറ്റി 19.32 മീറ്റർ നീളവും 8.45 മീറ്റർ വീതിയുമുള്ള ഒരു പാലം പണിയുന്നതിന് ഏകദേശം 2 കോടി രൂപ വേണ്ടിവരുമെന്ന് അറിയിച്ചിട്ടുണ്ട്.

സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് പാലം നിർമ്മിക്കാൻ സമിതി ആവശ്യപ്പെട്ടിട്ടുള്ളതിനാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടു പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 8

കല്ലുകൾ ഉപയോഗിച്ച് നദീതീരം സംരക്ഷിക്കുന്നതിനുപകരം ജിയോ ടെക്സ്റ്റൈൽ സംവിധാനം ഉപയോഗിക്കണം എന്നും സമിതി ശിപാർശ ചെയ്യുന്നു (കൈത, മുള, ആറ്റുവഞ്ചി തുടങ്ങിയ ചെടികൾ).

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 22275/ഐആർ3/03/ജ.വി.വ. തീയതി 30-9-2005)

ജിയോ ടെക്സ്റ്റൈൽ മെറ്റീരിയൽസ് ഉപയോഗിച്ച് കോസ്റ്റ് ഇഫക്ടീവായി പ്രസ്തുത ബലപ്പെടുത്തൽ പണികൾ പരീക്ഷിച്ചു നോക്കാവുന്നതാണ്. ഡിപ്പാർട്ട്മെന്റ് ഇതുവരെ ഇത്തരത്തിലുള്ള പണികൾ പരീക്ഷിച്ചിട്ടില്ല.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 9

പമ്പാ ആക്ഷൻ പ്ലാനിന്റെ ഫണ്ട് ലഭ്യമായാൽ ആയത് നഷ്ടപ്പെടാതെ വരട്ടാറിന്റെ പുനരുദ്ധാരണത്തിനുകൂടി ഉപയോഗിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 22275/ഐആർ3/03/ജ.വി.വ. തീയതി 30-9-2005)

പമ്പാ ആക്ഷൻ പ്ലാനിനുവേണ്ടി തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച റിപ്പോർട്ടിൽ വരട്ടാറിന്റെ പുനരുദ്ധാരണം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ ആദ്യഘട്ടമായി അംഗീകരിച്ച പദ്ധതികളിൽ വരട്ടാർ പുനരുദ്ധാരണം ഉൾപ്പെട്ടില്ല. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുനരുദ്ധാരണ പ്രവൃത്തികൾ നടത്താവുന്നതാണ്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 10

പുതുക്കുളങ്ങര ക്ഷേത്രക്കടവിൽ നിന്നും അനധികൃതമായി മണൽഖനനം നടത്തുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കണമെന്നും മണൽ കടത്തിക്കൊണ്ടു പോകാനുപയോഗിക്കുന്ന വാഹനങ്ങളും മറ്റു സാധനസാമഗ്രികളും കണ്ടുകെട്ടി ഇവർക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 454/പി3/2014/റവ. തീയതി 5-1-2015)

പുതുക്കുളങ്ങര ക്ഷേത്രക്കടവിൽ അനധികൃതമായി മണൽഖനനം നടക്കുന്നതായി അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ കർശനനടപടി സ്വീകരിക്കുന്നതും, വാഹനം അടക്കം കണ്ടുകെട്ടി നിയമപരമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. കർശന പരിശോധനയ്ക്കായി മണൽ സ്ക്വാഡുകൾ രൂപീകരിച്ച് നിരീക്ഷണം നടത്തിവരുന്നു.

(11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 11

പുതുക്കുളങ്ങര ക്ഷേത്രക്കടവിലെ അനധികൃത മണൽവാരൽ സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുകയും സമിതിയോട് നിഷേധാത്മക സമീപനം സ്വീകരിക്കുകയും ചെയ്ത ഉദ്യോഗസ്ഥരുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 454/പി3/2014/റവ. തീയതി 5-1-2015)

അനധികൃത മണൽവാരൽ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ വിവരം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 12

അനധികൃത മണലൂറ്റ് നടത്തുന്നതിന് നിരീക്ഷിക്കാൻവേണ്ട സർക്കാർ സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 34223/ഡിഎ 3/08/തസ്വഭവ. തീയതി 28-5-2008)

പത്തനംതിട്ട ജില്ലയിലെ വരട്ടാർ നദിയുടെ ഭാഗങ്ങളിൽ നിന്നുമുള്ള അനധികൃത മണൽഖനനം നിയന്ത്രിക്കുന്നതിന് പ്രസ്തുത നദി ഉൾപ്പെടുന്ന പ്രദേശങ്ങളിലെ

ഗ്രാമപഞ്ചായത്തുകൾക്ക് കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ജില്ലയിൽ മണൽവാരലും വിൽപ്പനയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ റവന്യൂ വകുപ്പാണ് നടത്തിവരുന്നത്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 454/പി3/2014/റവ. തീയതി 5-1-2015)

അനധികൃത മണലൂറ്റും കടത്തും തടയുന്നതിനായി റവന്യൂ-പോലീസ് സംയുക്ത സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം 2013-ലെ 26(എ) വകുപ്പ് പ്രകാരം "പ്രത്യേക സംരക്ഷണസേന" രൂപീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

(11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 13</u>

പമ്പയുടെ ജനനിരപ്പിനു തുല്യം ഉയർത്തിയാൽ മാത്രമേ വരട്ടാറിൽ വെള്ളം നിൽക്കുകയുള്ളൂ എന്നും റിവർ ബണ്ട് 4 മീറ്റർ എങ്കിലും ഉയർത്തണമെങ്കിൽ 6 മീറ്റർ മണൽതിട്ട മാറ്റണമെന്നും, പമ്പാ ബേസിനും മണിമല ബേസിനും പൊട്ടൽ വരികയാണെങ്കിൽ കുറേ ജലം മറ്റൊരു ബേസിനിൽ മാറ്റാൻ കഴിയത്തക്കവിധത്തിൽ ബേസിൻ നിർമ്മിക്കണമെന്നും, 21 സ്ക്വയർ കിലോമീറ്റർ ക്യാച്ച്മെന്റ് ഏരിയാ ഉള്ളത് എത്രയും പെട്ടെന്ന് പഞ്ചായത്ത് ലെവലിൽ സോയിൽ വാട്ടർ കൺസർവേഷൻ നടത്തണമെന്നും, ഇങ്ങനെ ജലത്തിന്റെ ദൗർലഭ്യം കുറയ്ക്കാൻ കഴിയുമെന്നും തൽഫലമായി മണൽ അടിഞ്ഞുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുമെന്നും സമിതി കരുതുന്നു. അതിനാൽ ഇതിനുവേണ്ട നടപടി എത്രയുംവേഗം സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 22275/ഐആർ3/03/ജ.വി.വ. തീയതി 30-9-2005)

വരട്ടാർ നദിയെ സംബന്ധിച്ച് ജലസേചന വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിലെ പ്രവൃത്തികൾ ഈ ശിപാർശയ്ക്ക് അനുരൂപമാണ്. സമ്പൂർണ്ണമായി ഇൻവെസ്റ്റിഗേഷൻ നടത്തി മാത്രമേ വിശദമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാൻ കഴിയുകയുള്ളൂ.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 14

കുറ്റൂർ പാലത്തിന്റെ അടിഭാഗത്തുള്ള മണൽവാരൽ തടയുന്നതിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 454/പി3/2014/റവ. തീയതി 5-1-2015)

കുറ്റൂർ പാലത്തിന്റെ അടിഭാഗത്തു നിന്നും മണൽ ശേഖരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃത മണൽവാരൽ തടയുന്നതിന് കർശന പരിശോധനയ്ക്ക് സ്ക്വാഡുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്കും താലൂക്ക് തലത്തിലും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(11-2-2015-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 15

പമ്പയുടെ പോഷക നദിയായ വരട്ടാറിന്റെ തുടക്കത്തിൽ 60 മീറ്റർ വീതിയുള്ള ബെൽ മൗത്ത് ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐആർ) വകുപ്പ്**

(ഗവൺമെന്റ് കത്ത് നമ്പർ 22275/ഐആർ3/03/ജ.വി.വ. തീയതി 30-9-2015)

ശിപാർശയിൽ പരാമർശിച്ചിരിക്കുന്ന ഈ പ്രവൃത്തിയും ജലസേചന വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിൽ ഉണ്ട്. എന്നാൽ ഈ പ്രവൃത്തികൾ ചെയ്യുന്നതിന് വിശദമായ ഒരു ഇൻവെസ്റ്റിഗേഷൻ നടത്തി, വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്. വരട്ടാർ നദി പുനരുദ്ധാരണ പ്രവൃത്തിക്ക് ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ ഏകദേശം 15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

(7-8-2014-ലെ സമിതിയോഗം അംഗീകരിച്ചു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 നവംബർ 25.